Uncorrected/Not for publication
01-11-2025

മി. സ്പീക്കർ: ഓർഡർ....... ഓർഡർ...... ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് ശനിയാഴ്ച ദിവസമായ ഇന്ന് സഭ യോഗം ചേരുന്നതിനായി ബന്ധപ്പെട്ട ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

## I. ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, "2025 നവംബർ 1 ശനിയാഴ്ച ദിവസമായ ഇന്ന് സഭ യോഗം ചേരുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 13 (2)-ലെ വ്യവസ്ഥ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം മേൽ സൂചിപ്പിച്ച ചട്ടങ്ങളിലെ ചട്ടം 313 പ്രകാരം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.